# 26. ഇന്ത്യയും ചൈനയും

1988 ഡിസംബർ 19-ാം തീയതിമുതൽ 23-ാം തീയതിവരെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയും അനുചരരും ചൈനയിൽ നടത്തിയ പര്യടനം ഈ രണ്ട് അയൽരാജ്യങ്ങൾക്കിടയിൽ വർഷങ്ങളായി നിലനിന്നുവരുന്ന പിരിമുറുക്കത്തിന് അയവു വരുത്തിയിട്ടുണ്ടെന്നല്ലാതെ നാടകീയങ്ങളായ സംഭവവികാസങ്ങൾക്കൊന്നും വഴി തുറന്നിട്ടില്ല. പര്യടനത്തിന്റെ അവസാനത്തിൽ ഡിസംബർ 23-ാം തീയതി ബെയ്ജിങ്ങിൽ പ്രസിദ്ധീകരിച്ച സംയുക്തപ്രഖ്യാപനം ശ്രദ്ധിച്ചു വായിക്കുന്നവർക്ക് ഈ വസ്തുത വ്യക്തമാകുന്നതാണ്.

രാജീവ്ഗാന്ധിയോടൊപ്പം വിദേശകാര്യമന്ത്രി ശ്രീ നരസിംഹറാവു, വ്യാപാരമന്ത്രി ശ്രീ ദിനേശ്സിംഹ്, നിയമമന്ത്രി ശ്രീ ശങ്കരാനന്ദ്, വിദേശകാര്യ-സ്റ്റേററ് മന്ത്രി ശ്രീ നട്വർസിംഹ് എന്നിവരും ഉദ്യോഗസ്ഥന്മാരുടെ വലിയ ഒരു സംഘവും ഉണ്ടായിരുന്നു. ചൈനയുടെ പ്രസിഡണ്ട് യാങ് ഷാങ്കൻ, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി സാവോ സിയാങ്, മിലിട്ടറി കമ്മീഷന്റെ ചെയർമാനും ഇപ്പോഴത്തെ ചൈനയിലെ സർവാരാധ്യനായ വൃദ്ധനേതാവുമായ ടെങ് സ്യാവോപിങ്, പ്രധാനമന്ത്രി ലീപെങ് മുതലായവരുമായി രാജീവ്ഗാന്ധി ഒററയ്ക്കും കൂട്ടായും ചർച്ചകൾ നടത്തി. മൂന്ന് ഉടമ്പടികളിൽ രണ്ടു ഗവൺമെൻറുകളുടെയും പ്രതിനിധികൾ ഒപ്പുവെക്കുകയുംചെയ്തു. ശാസ്ത്രം, സാങ്കേതികശാസ്ത്രം എന്നീ മണ്ഡലങ്ങളിൽ ഇന്ത്യയും ചൈനയും തമ്മിൽ കൂടുതൽ സമ്പർക്കവും വിദഗ്ദ്ധരുടെ വിനിമയവും നിലവിൽ വരുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഇവയിൽ ഒരു ഉടമ്പടി. ഇന്ത്യൻ വിമാനങ്ങൾ ചൈനയിലും ചൈനീസ് വിമാനങ്ങൾ ഇന്ത്യയിലും യാത്രാസേവനങ്ങൾ നടപ്പിലാക്കുകയാണ് രണ്ടാമത്തെ ഉടമ്പടിയുടെ ലക്ഷ്യം. മൂന്നാമത്തെ ഉടമ്പടി 1988, 1989, 1990 എന്നീ വർഷങ്ങളിൽ ഇന്ത്യയിലെയും ചൈനയിലെയും കലാ-സാംസ്കാരിക രംഗങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിനും ഈ രംഗങ്ങളിലെ പ്രവർത്തകർക്കു പരസ്പരം പരിചയപ്പെടുന്നതിനു സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചുള്ളതാകുന്നു.

ഇവയിൽ ശാസ്ത്രം, സാങ്കേതികശാസ്ത്രം എന്നിവയുടെ മണ്ഡലങ്ങളിൽ ഇന്ത്യയും ചൈനയും തമ്മിൽ കൂടുതൽ സഹകരണം നിലവിൽ വരുത്തുന്നതിനുള്ള ഉടമ്പടിക്ക് ഏറെക്കുറെ ഔപചാരികമായ പ്രാധാന്യമേ ഉണ്ടാവാനിടയുള്ളു. ഈ രംഗങ്ങളിൽ ചൈന കൂടുതൽ ഉററുനോക്കുക അയൽരാജ്യമായ ജപ്പാനിലേക്കും ചൈനയുമായി സഹകരിക്കുന്നതിന് അങ്ങേയററം താല്പര്യം പ്രകടിപ്പിക്കുന്ന അമേരിക്കയിലേക്കുമായിരിക്കും. ചൈനയിൽനിന്ന് ഇന്ത്യ പഠിക്കേണ്ട ശാസ്ത്രീയ-സാങ്കേതിക വൈദഗ്ദ്ധ്യങ്ങൾ ഏറെയുണ്ടെന്നു തോന്നുന്നില്ല. ചൈനയും ഇന്ത്യയും തമ്മിൽ വ്യാപാരം ഇപ്പോൾ വളരെ കുറവാണ്. ഉള്ള വ്യാപാരമാകട്ടെ, ചൈനയ്ക്ക് അനുകൂലമത്രെ. കൂടുതൽ സാധനങ്ങൾ, പ്രത്യേകിച്ചും നിർമ്മിതവസ്തുക്കൾ ഇന്ത്യയിൽനിന്ന് ചൈനയിലേക്കു കയററിയയയ്ക്കുകയാണ് ഈ വ്യാപാരത്തിൽ സന്തുലനം കൈവരുത്താനുള്ള മാർഗം. ഇന്ത്യയിലെ വാണിജ്യമന്ത്രിയുടെയും ചൈനയിലെ വിദേശ സാമ്പത്തിക മന്ത്രിയുടെയും സംയുക്ത അദ്ധ്യക്ഷതയിൽ നിയമിക്കപ്പെട്ട ഒരു കമ്മിററി ഇന്ത്യയും ചൈനയും തമ്മിലുള്ള വ്യാപാരം വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആരായുന്നതാണ്.

സാംസ്കാരിക രംഗങ്ങളിൽ ഇന്ത്യയും ചൈനയും തമ്മിലുള്ള വിനിമയം പെട്ടെന്നു കാണത്തക്ക എന്തെങ്കിലും ഫലം ഉളവാക്കുമെന്നു കരുതിക്കൂടാ. വിമാനഗതാഗതം സംബന്ധിച്ചുള്ള ഉടമ്പടിയുടെ ഫലമായി ഇന്ത്യൻ നഗരങ്ങളിൽനിന്ന്

ചൈനയിലേക്കും തിരിച്ചും വിമാനഗതാഗതം 1989 മുതൽ സാദ്ധ്യമായേക്കും. ഇതിന്റെ പ്രാധാന്യവും ഏറെയില്ല.

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ദിവസംമുതൽ നിലനിൽക്കുന്നതാണ് ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തിത്തർക്കം. വടക്കുപടിഞ്ഞാറ് ലഡാഖിൽ, കാശ്മീർ നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടിരുന്നതായി നാം വിശ്വസിച്ചുപോരുന്ന എത്രയോ വിസ്തൃതമായ അക്സായ്—ചീൻ പ്രദേശം ചൈന നാം അറിയാതെ കൈയടക്കിയിട്ടുണ്ട്. ചൈന, റഷ്യ, പാകിസ്ഥാൻ, ഇന്ത്യ എന്നീ രാജ്യങ്ങളുടെ അതിർത്തികൾ സന്ധിക്കുന്ന എന്നതാണ് 'ലോകത്തിന്റെ മോന്തായ'ത്തിലുള്ള ഈ വിജന ഹിമഭൂമിയുടെ യുദ്ധതന്ത്രപരമായ പ്രാധാന്യം. ഈ പ്രദേശത്തുകൂടെ ചൈനയും പാകിസ്ഥാനും ചേർന്ന് ഇന്ത്യയുടെ പ്രതിഷേധം വകവെക്കാതെ നിർമിച്ച 'കാറക്കോറം ഹൈവേ' എന്ന നിരത്ത് ചൈനയുടെ വാഹനങ്ങൾക്ക് അറബിക്കടൽത്തീരംവരെ നിർബാധം പോകാൻ കഴിവു നൽകുന്നു. ഇന്ത്യയുടെയും ചൈനയുടെയും സൈന്യങ്ങൾ യുദ്ധംചെയ്യാതെ എന്നാൽ, മുഖത്തോടു മുഖം നോക്കി ഈ പ്രദേശത്തു നിലകൊള്ളുന്നു. ഇതുപോലെ വടക്കുകിഴക്ക് നേപ്പാളിന്റെ അതിർത്തിമുതൽ ബർമയുടെ അതിർത്തിവരെ നീണ്ടുകിടക്കുന്നതും അരുണാചൽപ്രദേശ് മുതലായ ഇന്ത്യയുടെ അവിഭാജ്യഭാഗങ്ങളായി നാം കരുതിവരുന്ന എത്രയോ സ്ഥലങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു വിസ്തൃത ഭൂപ്രദേശം തങ്ങളുടേതാണെന്ന് ചൈന വാദിക്കുന്നു. 'മക്മഹോൻ രേഖ' എന്ന ഭൂപടങ്ങളിൽ വരച്ചിട്ടുള്ള ഒരു സാങ്കല്പികരേഖയാണ് ഇവിടെ ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയിലുള്ള അതിർത്തിയായി നാം സ്വീകരിച്ചിട്ടുള്ളത്. ഏറെക്കുറെ സ്വതന്ത്ര രാഷ്ട്രമായി വർത്തിച്ചിരുന്ന തിബത്തിലെ അധികൃതരുമായി ബ്രിട്ടീഷ്—ഇന്ത്യൻ ഗവണ്മെന്റ് ഉണ്ടാക്കിയ ഒരു സന്ധിയാണ് ഈ രേഖയ്ക്ക് ആധാരം. തിബത്ത് സർക്കാർ എക്കാലത്തും ചൈനയുടെ പരമാധികാരത്തിൻകീഴിലുള്ള ഒരു പ്രാദേശിക ഭരണകൂടം മാത്രമായിരുന്നു എന്നും അതിർത്തി സംബന്ധിച്ച് ഒരു സന്ധിയിലേർപ്പെടാൻ തിബത്തിന് അധികാരമുണ്ടായിരുന്നില്ലെന്നും അതിനാൽ മക്മഹോൻരേഖയെ തങ്ങൾ അംഗീകരിക്കുന്നില്ലെന്നും ഇവിടെ ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയ്ക്കുള്ള അതിർത്തി പുതുതായി നിർണയിക്കണമെന്നും അങ്ങനെ നിർണയിക്കുമ്പോൾ അരുണാചലപ്രദേശിലെയും മറ്റും കുറെ ഏറെ സ്ഥലം ചൈനയ്ക്കു ചേരേണ്ടതാണെന്നുമാണ് ചൈനയുടെ നിലപാട്. ഈ പ്രദേശത്തിലെ അതിർത്തി തങ്ങളുടെ ഹിതപ്രകാരം നിർണയിക്കുന്നതിനു പ്രതിഫലമായി ലഡാഖ് മേഖലയിലെ അക്സായ്ചീൻ പ്രദേശത്ത് ഇപ്പോൾ ചൈന കൈവശംവെച്ചിരിക്കുന്ന കുറെ സ്ഥലം സൗജന്യമായി ഇന്ത്യയ്ക്കു വിട്ടുതരാമെന്ന സൂചന ചൈനയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

യഥാർത്ഥത്തിൽ ഇന്ത്യയ്ക്കും ചൈനയ്ക്കും ഇടയ്ക്കുള്ള മുഖ്യ പ്രശ്നം ഈ അതിർത്തിയുടേതാകുന്നു. അതിർത്തി തീരുമാനിക്കുംമുമ്പ് അതിന് ആധാരമായ തത്ത്വങ്ങൾ ഏതെല്ലാമെന്നു നിർണയിക്കേണ്ടതുണ്ട്. പുഴകളെപ്പോലെയുള്ള പ്രകൃതി പ്രതിഭാസങ്ങൾ, മലകളുടെ ഉച്ചി, ജലത്തിന്റെ ഒഴുക്കുചെരിവ് മുതലായവ ആണ് സാധാരണയായി അതിർത്തിനിർണയത്തിൽ കണക്കിലെടുക്കാറ്. ഈ തത്ത്വങ്ങളെ നിർണയിക്കുന്നതിന് 'ഡി—ലിമിറ്റേഷൻ' (സീമാതത്ത്വനിർണയം) എന്നു പറയുന്നു. തത്ത്വങ്ങൾ നിർധാരണം ചെയ്തുകഴിഞ്ഞാൽ അതിരുകൾ ഭൂപടങ്ങളിൽ ശരിയായി വരയ്ക്കണം. ഇതാണ് 'ഡെലിനിയേഷൻ' (പടത്തിൽ വരയ്ക്കൽ) എന്ന പ്രക്രിയ. പിന്നീടു തത്ത്വങ്ങളനുസരിച്ചും പടങ്ങളിൽ കണ്ടതുപോലെയും ഭൂമിയിൽ കല്ലുകൾ നാട്ടിയോ മറ്റോ അതിരു് യഥാർത്ഥത്തിൽ രേഖപ്പെടുത്തണം. ഇതാണ് 'ഡിമാർക്കേഷൻ' (അതിരു് അടയാളപ്പെടുത്തൽ). ഈ മൂന്നു പ്രക്രിയകളിൽ ആദ്യത്തെ പ്രക്രിയയുടെ തുടക്കത്തിലാണ് ഇപ്പോഴും ഇന്ത്യൻ—ചൈനീസ് സർക്കാരുകൾ നിലകൊള്ളുന്നത്.

അതിർത്തിപ്രശ്നം നിരന്തരം പരിശോധിച്ചും ചർച്ചചെയ്തും ഈ വിഷയത്തിൽ ഒരു ശാശ്വതപരിഹാരം നിർദേശിക്കാനായി ഇന്ത്യയിലെ വിദേശകാര്യ

സെക്രട്ടറിയും ചൈനയിലെ വിദേശകാര്യ ഉപമന്ത്രിയും സഹ–അദ്ധ്യക്ഷരായുള്ള ഒരു 'വർക്കിങ് ഗ്രൂപ്പ്' നിയമിക്കപ്പെട്ടിട്ടുണ്ട്. മൂന്നു വർഷങ്ങൾക്കകം ഈ ഗ്രൂപ്പ് അതിർത്തിപ്രശ്നത്തിന് രണ്ടു രാഷ്ട്രങ്ങൾക്കും സമ്മതമായ പരിഹാര നിർദേശങ്ങൾ സമർപ്പിക്കുമെന്ന വിശ്വാസം പ്രധാനമന്ത്രി രാജീവ്ഗാന്ധി പ്രകടിപ്പിച്ചിട്ടുമുണ്ട്.

അയൽരാജ്യമായ ചൈനയെപ്പററി വളരെ കുറച്ചു പരിജ്ഞാനമേ പൊതുവിൽ ഇന്ത്യയിലുള്ളു. എങ്കിലും ചൈനയുടെ പ്രാചീന സംസ്കാരത്തെപ്പററി ഇന്ത്യക്കാർക്കു വലിയ മതിപ്പാണ്. ബുദ്ധമതത്തിന് ചൈന നൽകിയ അംഗീകാരം ചൈനക്കാരെ സഹോദരരായി വീക്ഷിക്കാൻ ഇന്ത്യക്കാരെ പ്രേരിപ്പിക്കുന്നു. വിപ്ളവാനന്തരം ചൈനയിൽ നിലവിൽവന്ന കമ്യൂണിസ്റ്റ് സർക്കാരിനോട് അന്ധമായ ആദരം—കൂറ് എന്നുതന്നെ പറയാം—പല ഇന്ത്യക്കാരും പുലർത്തിവന്നു. ഈ ആദരവും അതിൽനിന്ന് ഉളവായ വിശ്വാസവും ഏററവുമധികമുണ്ടായിരുന്നതു് ജവാഹർലാൽ നെഹ്റുവിനായിരുന്നു. ചൈനീസ്പട അതിർത്തി ലംഘിച്ചു കൂട്ടംകൂട്ടമായി ഇന്ത്യയിലേക്ക് ഒഴുകുകയും ഇന്ത്യൻ പട്ടാളം പരാജയപ്പെട്ടു പിൻവാങ്ങുകയുംചെയ്തപ്പോഴാണ് ചൈനയെ സംബന്ധിച്ചിടത്തോളം നെഹ്റുവിന് യാഥാർത്ഥ്യബോധം ഉളവായതു്.

ഇന്ത്യയെക്കാൾ വിസ്തൃതവും ജനസാന്ദ്രവുമാണ് ചൈന. ചൈനയിൽനിന്നു ചുററുപാടുമുള്ള നാടുകളിലേക്ക് എത്രയോ വർഷങ്ങളായി ജനങ്ങൾ കവിഞ്ഞൊഴുകിക്കൊണ്ടിരിക്കുകയാണ്. അദ്ധ്വാനശീലനും പ്രായോഗികവാദിയും സംഘടനാവിധേയനുമാണു സാധാരണ ചൈനക്കാരൻ. ഭൗതികകാര്യങ്ങളിൽ ഇന്ത്യക്കാരെ അപേക്ഷിച്ച് ചൈനക്കാർക്കുള്ള മേന്മ, ഇരുകൂട്ടരും ഒരേ ചുററുപാടുകളിൽ ജോലിചെയ്തു ജീവിക്കുന്ന മലയ, സിംഗപ്പൂർ മുതലായ പ്രദേശങ്ങളിൽ നമുക്കു പ്രത്യക്ഷമായി കാണാവുന്നതാണ്. ചൈന ഏതു കാലത്തും വികസനോന്മുഖമായിരുന്നു. പട്ടാളങ്ങളെ ഉപയോഗിച്ചല്ലെങ്കിൽ സാധാരണക്കാരായ പൗരജനങ്ങളെ ഉപയോഗിച്ചു പുറത്തേക്കു വളരുക എന്നതാണ് ചൈനയുടെ ചരിത്രം.

ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തിത്തർക്കം ഉടൻ അവസാനിപ്പിച്ചിട്ട് ചൈനയ്ക്കു വലിയ പ്രയോജനമൊന്നുമില്ല. നേരേമറിച്ച്, അമേരിക്കയുമായി അടുക്കുന്നതിന് ചീനയ്ക്ക് ഇന്ത്യയോടുള്ള തർക്കം പ്രയോജനകരമായിട്ടുമുണ്ട്. ഭാവിയിൽ, ഇന്ത്യയുമായി ചൈനയ്ക്കുള്ള ബന്ധം ഏതുവിധത്തിലുള്ളതാണെന്നു പരിഗണിക്കാതെതന്നെ ചൈനയുമായി അടുക്കാൻ സോവിയററ് യൂനിയൻ ഉറച്ചിരിക്കുകയാണ്. ഇന്ത്യയുടെ പ്രീതി നേടിയിട്ട് ചൈനയ്ക്ക് ഇപ്പോൾ എന്തു കിട്ടാനാണ്?

നേരേമറിച്ച്, ചൈനയുമായുള്ള തർക്കം തീർക്കേണ്ടതു് ഇന്ത്യയ്ക്ക് അടിയന്തിര ആവശ്യമാകുന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ ദാരിദ്ര്യത്തിനുള്ള ഒരു മുഖ്യകാരണം, വിരളങ്ങളായ വിഭവങ്ങളിൽ വലിയ ഒരു പങ്കു വമ്പിച്ച ഒരു പട്ടാളത്തെ നിലനിർത്താൻ നാം ചെലവഴിക്കുന്നു എന്നതാണ്. ചൈനയുമായി അതിർത്തിക്കരാറുണ്ടാക്കിയാൽ പട്ടാളച്ചെലവു പകുതിയെങ്കിലുമായി കുറയ്ക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞേക്കും. ചൈനയിൽനിന്നുള്ള ആക്രമണഭീഷണി ഒഴിവാക്കാൻ കഴിഞ്ഞാൽ, രാജീവ്ഗാന്ധി ആ ഒരു കാരണംകൊണ്ടുതന്നെ ഇന്ത്യൻ ജനതയ്ക്ക് ആരാധ്യനായിത്തീരും. അദ്ദേഹത്തിൻെറ മേൽ ഉന്നയിക്കപ്പെട്ട അഴിമതി—ആരോപണങ്ങളെ ജനങ്ങൾ പൊറുക്കുകയും മറക്കുകയുംചെയ്യും.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ നോക്കിയാൽ, രാജീവ്ഗാന്ധിയുടെ ചൈനാസന്ദർശനത്തിൻെറ നേട്ടങ്ങൾ ഏറെക്കുറെ വസ്തുനിഷ്ഠമായി നമുക്കു വിലയിരുത്താൻ കഴിയും. രാജീവ്ഗാന്ധി ചൈനയ്ക്കു പോകുംമുമ്പുതന്നെ, അവിടെ അദ്ദേഹം സന്ദർശിക്കാൻ ഉദ്ദേശിച്ചിരുന്ന എല്ലാ സ്ഥലങ്ങളിലും ഇന്ത്യൻ പത്രപ്രവർത്തകരുടെ ഒരു സംഘം പര്യടനം നടത്തുകയുണ്ടായി. രാജീവ്ഗാന്ധിയോടൊപ്പം വളരെ വിപുലമായ ഒരു പത്രപ്രവർത്തകസംഘമുണ്ടായിരുന്നു. പതി

വുപോലെ, ഹൃദ്യമായ മര്യാദയോടെ ഈ പത്രപ്രവർത്തകരോട് ചൈനക്കാർ പെരുമാറി. ചൈനയിലെ ബഹുജനങ്ങൾക്കിടയിൽ ആവേശത്തള്ളലൊന്നും പത്രപ്രതിനിധികൾ കണ്ടില്ല. ബഹുജനങ്ങളുമായി അടുക്കാൻ ഇന്ത്യൻ പത്രപ്രവത്തകർ ശ്രമിച്ചതായും അറിവില്ല. ഏതായാലും അവർ ധാരാളം എഴുതി. ആകാശക്കോട്ട, മനപ്പായസം, അതിമോഹം എന്നൊക്കെ വിവരിക്കാവുന്ന പലതും ഈ ഡിസംബറിന്റെ രണ്ടാം പകുതിയിൽ, ഇന്ത്യാ—ചീനാ ബന്ധത്തിലെ പുതിയ സാദ്ധ്യതകളെപ്പറ്റി ഇന്ത്യൻ പത്രങ്ങളിൽ നാം വായിക്കുകയുണ്ടായി.

തുടക്കത്തിൽ പറഞ്ഞപോലെ, ഇന്ത്യയും ചീനയുമിടയിൽ മൂന്നു പതിററാണ്ടുകളായി നിലനിന്നുവരുന്ന സംഘർഷത്തിൽ,രാജീവ്ഗാന്ധിയുടെ സന്ദർശനം നിമിത്തം, ഗണ്യമായ അയവ് ഉണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല. മുപ്പത്തിനാലു വർഷങ്ങൾക്കുശേഷം ഇന്ത്യയിലെ ഒരു പ്രധാനമന്ത്രി ചൈന സന്ദർശിച്ചു എന്നതുതന്നെ വലിയ ഒരു കാര്യമാണ്. പരസ്പരം താല്പര്യമുള്ള വിഷയങ്ങളെപ്പററി ഇന്ത്യയുടെയും ചൈനയുടെയും ഉദ്യോഗസ്ഥന്മാർ തമ്മിൽ ഇനി സംഭാഷണങ്ങൾ നടക്കും. വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരിക,സ്വാഭാവികമായും ബലം കുറഞ്ഞ കക്ഷിയായ ഇന്ത്യയായിരിക്കും. ചെയ്യാവുന്ന വിട്ടുവീഴ്ചകൾ ചെയ്യാൻ തയ്യാറാവുന്നതോടൊപ്പം രാഷ്ട്രഹിതമെന്ന അടിസ്ഥാനമൂല്യത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനും നാം ജാഗ്രത കാണിക്കണം. രാഷ്ട്രങ്ങൾക്ക സ്ഥിരമായ മിത്രത്വമോ ശത്രുത്വമോ ഇല്ല; ഉള്ളതു സ്ഥിരമായ ഹിതം മാത്രമാണെന്ന വസ്തുത നമുക്ക മറക്കാതിരിക്കുക.

25 ഡിസംബർ, 1988

# 27. ബൈജിങ്ങിലെ കൂട്ടക്കൊല

സമകാലലോകചരിത്രത്തിൽ ഏററവും കറുത്ത ലിപികളിൽ എന്നെന്നേക്കുമായി രേഖപ്പെടുത്തേണ്ട ഒരു ദാരുണസംഭവമായിരുന്നു, ചൈനയുടെ തലസ്ഥാനമായ ബൈജിങ് നഗരത്തിന്റെ കേന്ദ്രമായ തിയാനൻമെൻചത്വരത്തിൽ 1989 ജൂൺ 4—ാം തീയതി ഞായറാഴ്ച അതിരാവിലെ നടന്ന കൂട്ടക്കൊല. അവിടെ യന്ത്രത്തോക്കുകൾകൊണ്ടും റൈഫിളുകൾകൊണ്ടും വെടിവെച്ചും ടാങ്കുകൾ ഓടിച്ചു കയററി ചതച്ചരച്ചും മനുഷ്യരെ കൂട്ടക്കൊലചെയ്തതു് ചൈനീസ് ജനകീയ വിമോചനസേന (പീപ്പിൾസ് ലിബറേഷൻ ആർമി—പി. എൽ. എ.) ആയിരുന്നു; കൊല്ലപ്പെട്ടതു നിരായുധരായ ചൈനീസ് വിദ്യാർത്ഥികളും. പതിനായിരത്തിലേറെ പട്ടാളക്കാർ ഈ കൂട്ടക്കൊലയിൽ പങ്കാളികളായിരുന്നു എന്നും മരിച്ച വിദ്യാർത്ഥികളുടെ സംഖ്യ രണ്ടായിരത്തഞ്ഞൂറോളം വരുമെന്നും ജൂൺ 12—ാം തീയതിയിലെ 'ടൈം'വാരിക റിപ്പോർട്ടുചെയ്തിട്ടുണ്ട്. സത്യം ആർക്കും അറിവില്ല; ഒരിക്കലും അറിയപ്പെടുകയുമില്ല.

നിരായുധരെങ്കിലും വിദ്യാർത്ഥികൾ ഏതാണ്ട ൫ ാല്പതോളം ദിവസങ്ങളായി തിയാനൻമെൻചത്വരത്തിൽ സമ്മേളിച്ച സമാധാനപരമായ പ്രകടനങ്ങൾ നടത്തിവരികയായിരുന്നു. 1949 ഒക്ടോബർ ഒന്നാംതീയതി ജനകീയ റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടതുമുതൽ ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏകാധിപത്യ ഭരണമാണു പുലർന്നുപോരുന്നത്. പാർട്ടിയും ഗവണ്മെൻറും അവിടെ രണ്ടല്ല; ഒന്നാണ്. അധികാരദുർവിനിയോഗം, സ്വജനപക്ഷപാതം മുതലായ പല അഴിമതികളും അവിടെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കകത്തും ഗവൺമെൻറിലും നിലനിൽക്കുന്നുണ്ടെന്നും ഈ അഴിമതികൾ അവസാനിപ്പിക്കണമെന്നുമായിരുന്നു പ്രകടനം നടത്തി വന്നിരുന്ന വിദ്യാർത്ഥികളുടെ ഒരു ആവശ്യം. അഴിമതി നിരോ